LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മനോരോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി.) സാമൂഹ്യ മാനസികാരോഗ്യ പരിപാടി (സി.എം.എച്ച്.പി.) എന്നിവയാണ് നിലവിലുള്ള പ്രധാന മാനസികാരോഗ്യ പരിപാടികൾ. ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും തുടർന്നുവരികയും ചെയ്യുന്നു. രോഗവിമുക്തി നേടിയ മനോരോഗികളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡേ-കെയർ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ/സാമൂഹ്യ മാനസികാരോഗ്യ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ജില്ലാ മാനസികാരോഗ്യ പരിപാടിയും മുടക്കമില്ലാതെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൂടാതെ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടിയും നടപ്പിലാക്കിക്കഴിഞ്ഞു. പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സാമൂഹ്യ മാനസികാരോഗ്യ പരിപാടി തുടരുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും നോഡൽ സെന്ററുകളും, നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിന്റെ ശോചനീയാവസ്ഥ

104 (793) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകളും നടപ്പാതകളും പ്രകാശിക്കാത്ത വൈദ്യുതി വിളക്കുകളും മലിനജലം ഒഴുകിപ്പോകാത്ത ഓടകളും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. മലിനജലം ഒഴുകിപ്പോകാത്ത ഓടകളുടെ പുനർനിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ നവീകരണം

105 (794) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി പരിസരത്തും വാർഡുകളിലും ശുചിത്വം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമഗ്രമായ ശുചീകരണം നടത്തുന്നതിനായി ജീവനക്കാരെ നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഫാർമസിക്ക് മുന്നിൽ കാത്തിരിക്കുന്നവർക്ക് ഇരിപ്പിടങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ആശുപത്രി വാർഡുകളിലെ പഴയ കട്ടിലുകൾ മാറ്റി നൽകുന്നതിനും പുരുഷൻമാരുടെ വാർഡുകളിലും സ്ത്രീകളുടെ സർജിക്കൽ വാർഡിലും സൂചർ തള്ളിക്കയറ്റാനായി ചരിവുള്ള സ്ഥലം ശരിയായ രീതിയിൽ മെയിന്റനൻസ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) അത്യാഹിത വിഭാഗത്തിന് താഴെയുള്ള ലാബുകളിൽനിന്നും മുകളിലെത്തുന്നവർ ചെറിയ ജനാലയിലൂടെയാണ് മറിയിൽ കയറുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) രാത്രി ഡ്യൂട്ടിയിലുള്ള, മെഡിക്കൽ വിഭാഗത്തിലെയും സർജറി വിഭാഗത്തിലെയും ഡോക്ടർമാർ ഹൗസ് സർജൻമാരെ ചുമതലപ്പെടുത്തി പോകുന്നതിനാൽ അത്യാസന്ന നിലയിലുള്ള രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നത് പതിവാണ്. പ്രസ്തുത കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly